Talented Bankers Literary Panel
പുസ്തക പരിചയം 167

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എടമുട്ടംശാഖ.

ബുദ്ധപഥം (കഥകൾ)
ഷിനിലാൽ

പ്രശസ്ത എഴുത്തുകാരൻ ഷിനിലാലിന്റെ ഏറ്റവും പുതിയ കഥാസമാഹാരമാണ് ബുദ്ധപഥം.
കഴിഞ്ഞ മൂന്നു വർഷങ്ങളിൽ മലയാള ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച 17 കഥകളാണ് ഈ സമാഹാരത്തിൽ.

കഴിഞ്ഞ മൂന്ന് വർഷങ്ങൾ ഷിനിലാലിന്റെ തന്നെയായിരുന്നു..
ചരിത്രം, ഭാഷ, മിത്തുകൾ, പ്രണയം, രാഷ്ട്രീയം അങ്ങനെ ഈ കാലഘട്ടത്തിൽ വ്യത്യസ്ത വിഷയങ്ങളിൽ കൈ വെച്ചു കൊണ്ട് എത്ര സുന്ദര കഥകളാണ് അദ്ദേഹം എഴുതിയത്.

സമാഹാരത്തിന്റെ പേരായ ബുദ്ധപഥം എന്ന കഥ അടുത്ത കാലത്ത് മാതൃഭൂമിയിൽ വന്ന മികച്ച കഥകളിൽ ഒന്നാണ്. ഒട്ടേറെ ചർച്ച ചെയ്യപ്പെട്ട ഈ കഥ ഒരേ കെട്ടിടത്തിന്റെ രണ്ടു നിലകളിൽ പരസ്പരം അറിയാതെ കഴിഞ്ഞിരുന്ന സന്ന്യാസിമാരും ഗുണ്ടകളും തമ്മിൽ അവിചാരിതമായി കണ്ടുമുട്ടുമ്പോൾ അവരിൽ വരുന്ന മാറ്റങ്ങളെ കാണിക്കുന്നു. ഒരു കൂട്ടം ആളുകൾക്ക് ഒരാളെ എത്ര എളുപ്പത്തിൽ സ്വാധീനിക്കാൻ കഴിയുമെന്ന് നമ്മളെ മനസ്സിലാക്കി തരുന്ന കഥ.... ഇതിൽ ഒളിഞ്ഞിരിക്കുന്ന രാഷ്ട്രീയം നിങ്ങൾക്ക് എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാം.

തറവാടിനെയും വംശത്തെയും കുറിച്ച് അഭിമാനിക്കുന്നവർക്ക് കൊടുത്ത ഒരു അടിയാണ് വേടൻതൊടി എന്ന കഥ. ഒരു കിടിലൻ കഥ.

ചരിത്ര പ്രസിദ്ധമായ കുളച്ചൽയുദ്ധത്തെ ആസ്പദമാക്കി എഴുതിയ കുളച്ചൽയുദ്ധം,
ജീവിതത്തിനും മരണത്തിനും ഇടയിൽ ഒരാളുടെ ചിന്തകളുടെ കഥ പറയുന്ന മദ്ധ്യേ, തിരുവിതാംകൂറിലെ കാക്കാരിശ്ശേരി നാടകത്തിന്റെ താളത്തിൽ എഴുതിയ കാക്കാലസദ്യ തുടങ്ങിയ കഥകളും തിളങ്ങി നിൽക്കുകയാണ്....

സ്വന്തം നാട്ടിൽ നിന്നുള്ള പാലായനത്തിന്റെ അല്ലെങ്കിൽ കുടിയിറക്കങ്ങളുടെ നൊമ്പരങ്ങൾമുഴുവനും ആവാഹിച്ച ഒരു സൂപ്പർ

കഥയാണ് അഭി കിത് നാ ദൂർ ഹേ...സ്പർശമേൽക്കാത്ത ഉടലിനെ അനാഥമായ ഒരു ദ്വീപിനോട് ഉപമിച്ച സ്പർശം.... മനുഷ്യവംശം അറ്റുപോകുന്ന ഒരു മഹാമാരിയുടെ സമയത്ത് ജീവന്റെ തുടിപ്പുകളെ ആഘോഷമാക്കിയ മൈക്രോ ഗ്രീൻ....

അങ്ങനെ മികച്ച കുറെ കഥകൾ ഒഴുക്കോടെ നിങ്ങൾക്ക് വായിച്ചു പോകാം...

ഡിസി ബുക്സ് അടുത്തിടെ പ്രസിദ്ധീകരിച്ച ഈ കഥാസമാഹാരത്തിന് 180 രൂപയാണ് വില.